പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2088 12.02.2013-ൽ മറുപടിയ്ക്ക്

## കളിക്കളങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷം കളിക്കളങ്ങളും, സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ; | (എ)<br>&<br>(ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിനായി ആകെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ ഇനം കളികൾക്കാണ് കളിസ്ഥലങ്ങൾ നിർമ്മിച്ചത്/ നിർമ്മിക്കുന്നത് എന്നും വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം.(A)

1) വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

നിലവിലുള്ള കളിസ്ഥലങ്ങളിൽ ആധുനിക സിന്തറ്റിക് പ്രതലങ്ങൾ നിർമ്മിച്ച് വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ടെന്നീസ് തുടങ്ങിയ കായികയിനങ്ങൾ പരിശീലിക്കാനുതകുന്ന വിധം രൂപപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് ഗാലറിയോടുകൂടിയ ഇൻഡോർ സ്റ്റേഡിയങ്ങളായി കളിസ്ഥലങ്ങളെ രൂപപ്പെടുത്തുകയും ആയതിലേക്കാവശ്യമായ കായിക ഉപകരണങ്ങൾ സർക്കാർ മുതൽ മുടക്കിൽ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുകയാണ് ടി പദ്ധതി വഴി ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 3.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

2) കമ്മ്യൂണിറ്റി സ്പോർട്സ്

ജനങ്ങളുടെ ആരോഗ്യപരവും കായികവുമായ വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി സ്പോർട്സ്. കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും സമഗ്രമായ ആരോഗ്യ കായിക വികസനം ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള ടി പദ്ധതി വിവിധ കായിക സംഘടനകളുടെ സഹകരണത്തോടെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള ഷട്ടിൽ കോർട്ടുകൾ നിർമ്മിക്കുകയും നിലവിലുള്ള വോളീബോൾ കോർട്ടുകൾ നവീകരിക്കുകയും കമ്മ്യൂണിറ്റി ആക്റ്റിവിറ്റി ഹാളുകൾ നിർമ്മിച്ചു നൽകുകയുമാണ് ചെയ്യുന്നത്. പ്രസ്തുത പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 2.8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3) കളിസ്ഥല വികസനം.

സംസ്ഥാനത്തെ 'നിലവിലുള്ള കളിസ്ഥലങ്ങളുടെ വികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കളിസ്ഥലങ്ങളെ പരിശീലനത്തിനും മത്സരത്തിനും ഉപയോഗപ്രദമാക്കുന്ന രീതിയിൽ വികസിപ്പിക്കുക, നീന്തൽ പരിശീലനത്തിനായി കുളങ്ങൾ നിർമ്മിക്കുക, വിവിധ കായിക ഇനങ്ങളുടെ പരിശീലനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 5.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള പരിശീലനവും കളികളും ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു.

1) നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം.
2) സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3) 4 വരിയുള്ള രണ്ട് സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം.
4) സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജംപ് പിറ്റ്
5) കബഡി കളിക്കളം
6) സിന്തറ്റിക് ഫുട്ബോൾ പരിശീലന സൗകര്യം.
7) സിന്തറ്റിക് ടർഫ് നിർമ്മാണം.

# അനുബന്ധം B

35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായി സംസ്ഥാനത്തെ നിലവിലുള്ള 14 സ്റ്റേഡിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങളും 10 പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നടന്നു വരുന്നുണ്ട്. നവീകരണ പ്രവർത്തനങ്ങൾ നടക്കുന്ന സ്റ്റേഡിയങ്ങൾ ഭൂരിഭാഗവും പൂർത്തിയായി വരുന്നു. പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

SMILE ( Sports Minister's Innovative Leap to Excellence) എന്ന പേരിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരം 209 ലക്ഷം രൂപ മുതൽ മുടക്കി സംസ്ഥാന വ്യാപകമായി സ്കൂൾ, കോളേജ് തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കളിസ്ഥലങ്ങൾ നവീകരിച്ച് വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ (ടെന്നീസ്, വോളീബോൾ, ബാസ്ക്കറ്റ്ബോൾ, ഷട്ടിൽ കോർട്ട് തുടങ്ങിയ) അത്ലറ്റിക് ട്രാക്കുകൾ, സ്വിമ്മിംഗ് പൂളുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 10 പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. 74 പ്രവർത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഇവയുടെ നിർമ്മാണം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു.

SMILE പദ്ധതിയ്ക്കായി 25.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. മറ്റുനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. കളികളുടെ ഇനം പ്രതിപാദിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിനായി സ്റ്റേഡിയങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി ഇതുവരെ 65.37 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

സെക്ഷൻ ആഫീസർ